


# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686038 KERALA-PHONE : 8234

വാല്യം 6 ലക്കം 21 | 1989 ജൂൺ 23-30 | വില 1.15


## അനുമോദന സമ്മേളനം

മീനടം: സെൻറ് ജോർജ്ജ് യുവജനസമാജത്തിൽ അംഗമായിരിക്കെ യുവജനപ്രസ്ഥാനത്തിൽ നിന്നു ഔദ്യോഗിക കാലാവധി പൂർത്തിയാക്കി വിരമിച്ച കെ. കെ. കുരുവിളയ്ക്കു് സമാജാംഗങ്ങൾ മെയ് 21-ന് ഞായറാഴ്ച വി. കുർബ്ബാനാനന്തരം പള്ളിയിൽവച്ചു കൂടിയ സമ്മേളനത്തിൽ അനുമോദനം നല്കി. ഫാ. മത്തായി അല്പികഴിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ഐസക്ക് പി. ഏബ്രഹാം, വി. സി. വറുഗീസ് എന്നിവർ ആശംസകൾ നേർന്നു. യൂണിററിന്റെ സ്നേഹോപഹാരവും പ്രശംസാപത്രവും നല്കി. വറുഗീസ് വറുഗീസ് സ്വാഗതവും സാബു ജയിക്കബ് നന്ദിയും പറഞ്ഞു.

## തിരഞ്ഞെടുത്തു

കരുവാററ: മാർ യാക്കോബ് ബുർദാനാ പള്ളിയിലെ യുവജനപ്രസ്ഥാനത്തിന്റെ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. ജോർജ്ജ് എം. ചെറിയാൻ (വൈസ് പ്രസിഡണ്ട്) ഷാജി ബി. (സെക്രട്ടറി) അജൻ വറുഗീസ് (ജോയിൻറ് സെക്രട്ടറി) യോഹന്നാൻ എം. (ഖജാൻജി) അനിയൻ ജി; ഷാജി ചെറിയാൻ; ബിജു എം. ടി; ഷാജി ടി; എബി ജേക്കബ്, ബെന്നി വറുഗീസ്, ബിജു ഏബ്രഹാം (എക്സിക്യൂട്ടീവ് കമ്മററി അംഗങ്ങൾ).



അഖില മലങ്കര ബസ്സ്യാമ്മ അസ്സോസിയേഷൻ വാർഷിക സമ്മേളനകമ്മററി അംഗങ്ങൾ പ്രസിഡണ്ട് പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത ജനറൽ സെക്രട്ടറി അന്നമ്മ ഈപ്പൻ എന്നിവരോടൊപ്പം.

# ലോകസഭാ കൗൺസിൽ കാൻബറായിൽ സമ്മേളിക്കുന്നു

സ്റ്റാഫ് എഡിറ്റർ

കാൻബറ: 'പരിശുദ്ധാത്മാവേ വരൂ, സകല സൃഷ്ടികളേയും പുതുക്കൂ' എന്ന പ്രാർത്ഥന പുതുക്കിക്കൊണ്ടു് ലോകസഭാകൗൺസിൽ ആസ്ട്രേലിയയുടെ തലസ്ഥാനമായ കാൻബറയിൽ സമ്മേളിക്കുന്നു. 1991 ഫെബ്രുവരി 7 മുതൽ 20 വരെ ഈ കൂട്ടായ്മയിൽ അംഗസഭകളിൽനിന്നു് 950 ഔദ്യോഗികപ്രതിനിധികൾ സംബന്ധിക്കുന്നതാണ്. മററു സഭകളിൽനിന്നും, സംഘടനകളിൽനിന്നും, പ്രതിനിധികളും ഉപദേശകരും, അതിഥികളും, നിരീക്ഷകരും തുടങ്ങി മററനേകം പ്രതിനിധികളും പങ്കെടുക്കുന്നതാണ്.

'പരിശുദ്ധാത്മാവേ വരൂ' എന്ന വിഷയം സമ്മേളനത്തിൽ ആദ്യന്തം നിറഞ്ഞുനിൽക്കും.

സഭകളുടെ കൗൺസിലിന്റെ ഭരണസമിതിയായ സെൻട്രൽകമ്മററി അംഗങ്ങളേയും, പ്രസീഡിയം അംഗങ്ങളേയും ഈ സമ്മേളനത്തിൽവച്ചാണ് തിരഞ്ഞെടുക്കുന്നതു്. കൗൺസിലിന്റെ ഭാവിപ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശം കാൻബറ സമ്മേളനത്തിൽ വച്ചു് നൽകപ്പെടും.

എല്ലാ ദിവസത്തേയും യോഗം ആരംഭിക്കുന്നതു് പൊതു

(ശേഷം 6-ാം പേജിൽ)

## ലോകസമ്മേളനം

മിഷൻ ആൻഡ് ഇവാഞ്ചലിസം ലോകസമ്മേളനം സാൻ ആൻേറാണിയോയിൽ (അമേരിക്ക) വച്ചു് നടന്നു. മെയ് 22 മുതൽ ജൂൺ 1 വരെ നടന്ന സമ്മേളനത്തിൽ 'നിന്റെ രാജ്യം വരേണമേ-മിഷൻ ക്രിസ്തുവിന്റെ മാർഗ്ഗത്തിൽ' എന്നതായിരുന്നു ചിന്താവിഷയം. മലങ്കര ഓർത്തഡോക്സ് സഭയിൽനിന്നു് ഫിലിപ്പോസ് മാർ യൗസേബിയോസ്, ഫാ: ഒ. തോമസ് എന്നിവർ പങ്കെടുത്തു.

## യാത്രയയപ്പു നൽകി

ആലപ്പുഴ: സെൻറ് തോമസ് ഓർത്തഡോക്സ് പള്ളിയിൽനിന്നു് സ്ഥലം മാറിപ്പോയ ഫാ: മത്തായി ഉമ്മന് സ്നേഹനിർഭരമായ യാത്രയയപ്പു നൽകി. മെയ് 27-ന് റമ്പാൻ തേയോഫോറസ് കോറെപ്പിസ്കോപ്പായുടെ അദ്ധ്യക്ഷതയിൽ കൂടിയ യാത്രയയപ്പ് സമ്മേളനത്തിൽ പെരുമാൾ ജേക്കബ്, എം.എം. ജോൺ പി.വി. തങ്കച്ചൻ എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. ഫാ. മത്തായി ഉമ്മൻ ആശംസകൾക്കു് മറുപടി പറഞ്ഞു. കെ. എം. തോമസ് സ്വാഗതവും പീററർ മട്ടയ്ക്കൽ കൃതജ്ഞതയും പറഞ്ഞു.

ശേഷം 4-ാം പേജിൽ

## സാഹിത്യ ശില്പശാല

കോട്ടയം: എം.ജി.ഓ.സി. എസ്സ്. എം.-ന്റെ ആഭിമുഖ്യത്തിൽ കോളേജു വിദ്യാർത്ഥികൾക്കായി ഒരു സാഹിത്യശില്പശാല നടത്തുന്നു. ജൂലൈ 14, 15, 16 തീയതികളിൽ സോഫിയാസെൻററിൽവച്ചാണ് ശില്പശാല സംഘടിപ്പിക്കുന്നതു്. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ സ്വന്തം രചനകൾ സഹിതം ജൂൺ 30-ന് മുമ്പ് ജനറൽ സെക്രട്ടറി, എം. ജി. ഓ. സി. എസ്സ്. എം. സ്റ്റുഡൻറ്സ് സെൻറർ, കോട്ടയം-1 എന്ന വിലാസത്തിൽ അപേക്ഷിക്കുക.

## പ. സുന്നഹദോസ് ആരംഭിച്ചു

സ്റ്റാഫ് എഡിറ്റർ

കോട്ടയം: പ: എപ്പിസ്കോപ്പൽ സുന്നഹദോസ് ജൂലൈ 4-ന് സോഫിയാ സെൻററിലെ ചാപ്പലിൽ പ: കാതോലിക്കാ ബാവാ തിരുമനസ്സിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു.

ഇപ്രാവശ്യത്തെ അജണ്ടായിൽ 22 വിഷയങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതു്. മലങ്കര അസോസ്യേഷൻ മാനേജിംഗ് കമ്മററിയുടെ 14-4-1989-ലെ യോഗനിശ്ചയങ്ങൾ അംഗീകരിക്കുക, പരുമല സെമിനാരിയിൽവച്ചു് 1989 മെയ്മാസത്തിൽ നടന്ന വൈദികസംഘത്തിന്റെ ശുപാർശകൾ, സഭയുടെ വിശ്വാസം, പാരമ്പര്യം, ആരാധനാ

(ശേഷം 3-ാം പേജിൽ)

# ഓർത്തഡോക്സ് വൈദികരും ആംഗ്ലിക്കൻ കാസക്കും

മാർ തേവോദോസിയോസ്

ഓത്തഡോക്സ് വൈദികസംഘം അടുത്തസമയം പ്രസിദ്ധപ്പെടുത്തിയ വൈദിക ഡയറക്ടറിയിൽ സഭയിലെ ബഹുഭൂരിപക്ഷം വൈദികരുടെയും ചിത്രങ്ങൾ കണ്ടപ്പോൾ ഒരു വസ്തുത മനസ്സിലായി. ഏതാനും പേരൊഴികെ മറെറല്ലാവരുടെയും വേഷം ആംഗ്ലിക്കൻ കാസക്കാണ്. അടുത്തകാലത്തു് സഭയിൽ ഉണ്ടായ ഒരു പരിവർത്തനമാണിതു്. പ: ബസ്സേലിയോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ കാലത്തു് കൈവിരലിലെണ്ണാവുന്നത്ര വൈദികരേ ഈ കാസക്ക് ഉപയോഗിച്ചിരുന്നുള്ളു. അവരിലധികം പേരും ആ പിതാവിനെ കാണാൻ പോകുമ്പോൾ കമ്മീസ്സ ധരിച്ച പോകുവാനും ശ്രദ്ധിച്ചിരുന്നു. കാരണം ആംഗ്ലിക്കൻ കാസക്കിട്ടു ചെല്ലുന്ന ഓർത്തഡോക്സ് വൈദികനു് കഠിന വഴക്കും ചിലപ്പോൾ കിഴുക്കും കിട്ടുമായിരുന്നു. സഭയുടെ പാരമ്പര്യമനുസരിച്ചുള്ള വേഷം വൈദികർ ധരിക്കണമെന്നു് ആ പിതാവിനു നിർബ്ബന്ധമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ചരമരജതജൂബിലി നാം ആഘോഷിച്ചുകൊണ്ടിരിക്കയാണല്ലൊ. ഇരുപത്തഞ്ചു വർഷം കൊണ്ടു് വൈദികവേഷത്തിൽ വന്ന വ്യതിയാനം വിസ്മയാവഹംതന്നെ.

ഈ മാററത്തിനു കാരണമെന്തു്? ആംഗ്ലിക്കൽ കാസക്കാണോ ഓർത്തഡോക്സ് വൈദികർക്കു് അനുയോജ്യമായ വേഷം? ആലോചിച്ചപ്പോൾ മനസ്സിൽ തോന്നിയ ചിന്തകൾ വൈദികസഹോദരങ്ങളുമായി പങ്കുവയ്ക്കണമെന്ന ഉദ്ദേശ്യത്തിൽ ഇതെഴുതുകയാണ്.

ആംഗ്ലിക്കൻ സഭയുമായി ഓർത്തഡോക്സ് സഭയ്ക്കുണ്ടായ ബന്ധമാണിതിനു കാരണമെന്നു വിചാരിപ്പാൻ പ്രയാസം. രണ്ടു പതിററാണ്ടുകാലത്തിലേറെ നീണ്ടുനിന്നില്ല ആ ബന്ധം. സഭയെ സഹായിപ്പാൻ സി. എം. എസ്. മിഷ്യനറിമാരെ പഴയസെമിനാരിയിലെ അദ്ധ്യാപനത്തിനു് സഹകരിപ്പിച്ചതുമുതൽ മാവേലിക്കര സുന്നഹദോസും പടിയോലയുംമൂലം വിഛേദിച്ചതുവരെ മാത്രം ആ ബന്ധം നീണ്ടുനിന്നുള്ളു. അന്നെങ്കും അവരുടെ കാസക്ക് നമ്മുടെ വൈദികർ അനുകരിച്ചില്ല. ഒന്നര ശതാബ്ദത്തിനു ശേഷം പൊടുന്നനവെ ഈ വ്യതിയാനത്തിനു നമ്മുടെ വൈദികർക്കുണ്ടായ പ്രേരണ എന്താണ്? എന്റെ ചിന്തയിൽ അതിനുള്ള കാരണം താഴെ പറയുന്നവയാണ്.

സി. എം. എസ്. മിഷ്യനറിമാരുമായുള്ള ബന്ധം സഭ വിഛേദിച്ചെങ്കിലും അവർ കേരളത്തിൽ തുടർന്നു പ്രവർത്തിച്ചു. അങ്ങനെ സി. എം. എസ്. മാർത്തോമ്മാ സഭകൾ നിലവിൽ വന്നു. സി. എം. എസ്. സഭയിൽ ആരംഭം മുതൽ വൈദികർ ആംഗ്ലിക്കൻ കാസക്ക ധരിച്ചിരുന്നു എന്നുകാ

(ശേഷം 3-ാം പേജിൽ)

ഈ ലേഖനത്തെ ആസ്പദമാക്കിയുള്ള ബഹു: വൈദികരുടെ ക്രിയാത്മകമായ പ്രതികരണങ്ങൾ പ്രതീക്ഷിക്കുന്നു. പ്രതികരണങ്ങൾ എഡിററർ, ഓത്തഡോക്സ് ഹെറാൾഡ്, ദേവലോകം, കോട്ടയം എന്ന വിലാസത്തിൽ അയയ്ക്കുക.

മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

വാല്യം 6 | 1989 ജൂൺ 16-23 | ലക്കം 20

# പ്രതിഫലം വാങ്ങാത്ത ഏലീശ

ചെയ്യുന്ന ജോലിക്കു പ്രതിഫലം പററുന്നതിൽ അസാധാരണമായി ഒന്നുമില്ല. അതു് ഒരു ജീവനോപാധിയും; തുടർന്നു ജോലി ചെയ്യാൻ ഒരു പ്രേരണയുമാണ്. ജോലിയുടെ ഗുരുത്വവും മാന്യതയുമനുസരിച്ച് പ്രതിഫലത്തിൻെറ തോതിൽ ഏററക്കുറച്ചിലുണ്ടാവുന്നതും സാധാരണമാണ്. പ്രതിഫലേച്ഛ കൂടാതെ കർമ്മമനുഷ്ഠിക്കുന്നതാണ് ഉദാത്തമായ ശ്രദ്ധ എന്ന ഭാരതീയ ചിന്തയോട് ഏവരും യോജിക്കുമെങ്കിലും, പ്രതിഫലം മുടങ്ങുകയോ അല്പം താമസിക്കുകയോ ചെയ്താൽ പല ''ജോലിക്കാരു''ടെയും പ്രസന്നമുഖം മങ്ങും!

ശമ്പളത്തിനു പുറമെ, ''കൈയിൽമെഴുക്കൽ പ്രയോഗ''ത്തിനുപയോഗിക്കുന്ന 'കിമ്പള''ത്തിനും ഒരു തരം സാധാരണത്വവും മാന്യതയും കൈവന്നിട്ടുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഉദ്യോഗസ്ഥ പ്രവർത്തന ശൈലിയുടെയും കാര്യസാദ്ധ്യ ത്വരിതപ്പെടുത്തലിൻെറയും കൂടെപ്പിറപ്പായി കൈക്കൂലി നടമാടുന്നുണ്ടെന്ന് നാട്ടിൻപുറത്തുകാരൻപോലും സമ്മതിക്കും. ''കാണേണ്ടതുപോലെ കണ്ടാൽ'' പിന്നെ കാര്യം എളുപ്പമായി. ചെയ്യുന്ന വേലയ്ക്കു സർക്കാരോ മററേതെങ്കിലും അധികാരസ്ഥാനമോ് യുക്തമായ പ്രതിഫലം നൽകുമ്പോൾ പിന്നെയെന്തിന് ''ഒരു സന്തോഷത്തിൻെറ പേരിൽ'' ഈ കൈമാററം നടക്കുന്നു എന്ന ചോദ്യത്തിൻെറ ഗ്ലാമർ നഷ്ടപ്പെട്ടിട്ടു കാലം ഏറെയായി! പ്രതിഫലം വാങ്ങി, ചോദിച്ചു വാങ്ങി, പ്രവർത്തിയെടുത്തെന്നു വരുത്തി കഴിയുന്ന കാലവും ''ദീർഘനാളത്തെ സേവന''മായി വാഴ്ത്തപ്പെടുമ്പോൾ, നിസ്വാർത്ഥമായ അദ്ധ്വാനത്തിൻെറയും ത്വാഗീക്ഷയുടെയും മുഖം വിളറുന്നുണ്ടോ?

ഏലീശാപ്രവാചകൻ സൈന്യങ്ങളുടെ യഹോവയാൽ നിയുക്തനായ ന്യായപാലകനും, ആത്മീക ഗുരുവുമായിരുന്നു. അനിതരസാധാരണമായ വീര്യപ്രവൃത്തികൾ ചെയ്യത്തക്കവണ്ണം

## ധ്യാനപീഠം

യഹോവയുടെ ആത്മാവും അദ്ദേഹത്തിനുണ്ടായിരുന്നു. ദൈവസാന്നിദ്ധ്യത്തിൻെറ വിളംബരമായിരുന്ന ഇത്തരം ''അടയാളങ്ങൾ'' വഴി അദ്ദേഹവും ദൈവരാജ്യത്തിൻെറ മുന്നോടിയായി ഭവിച്ചു. യഹോവ സർവ്വസൃഷ്ടിയുടെയും പരിപാലകനും നിയന്ത്രകനുമാണെന്നു തെളിയിക്കുന്നവയായിരുന്നു ആ അത്ഭുതങ്ങൾ. സ്വാഭാവികമായി, ഭയാനകമായി കരുതപ്പെട്ടിരുന്ന കുഷ്ഠരോഗത്തിൽനിന്നും തനിക്കു വിടുതൽ നൽകിയ ദൈവപുരുഷനോട് നയമാൻ എന്ന ആരാമ്യന് പ്രത്യേക ഭക്തിയും കൃതജ്ഞതാഭാവവുമുളവായി. അത്തരമൊരു സൗഖ്യം പ്രാപിക്കലിന് എന്തു പ്രതിഫലം കൊടുത്താൽ മതിയാവില്ല!

പക്ഷെ ഏലീശാ പ്രതിഗ്രഹം വാങ്ങാൻ തയ്യാറായില്ല. ഒന്നും വാങ്ങുകയില്ലെന്ന് യഹോവനാമത്തിൽ അദ്ദേഹം സത്യം ചെയ്തു. യഹോവയുടെ നാമത്തിൽ അത്ഭുതം പ്രവർത്തിച്ച് നയമാന് രോഗസൗഖ്യം നൽകിയ ദൈവപുരുഷൻ അതിനു പ്രതിഫലം മനുഷ്യൻെറ പക്കൽനിന്നും വാങ്ങാൻ കൂട്ടാക്കിയില്ല. പ്രതിഫലം വാങ്ങത്തക്കവിധം ''തൻേറതു്'' ഒന്നും നയമാന് നൽകിയില്ല എന്ന് അദ്ദേഹത്തിനു നല്ലവണ്ണം അറിയാമായിരുന്നു. യഹോവയുടെ ദാനവും നൽവരവും വിതരണം ചെയ്യുന്നതിന് ഒരു മുഖാന്തിരം മാത്രമായ താൻ അതിന് പ്രതിഗ്രഹം പററുന്നതു് ശരിയല്ല എന്നദ്ദേഹം ഉറച്ചു. നയമാൻ എത്ര നിർബന്ധിച്ചിട്ടും യാതൊന്നും വാങ്ങുവാൻ ഏലീശാ കൂട്ടാക്കിയില്ല.

എന്നാൽ ദൈവപുരുഷൻെറ വാല്യക്കാരനായ ഗേഹസിയുടെ ചിന്ത മറിച്ചായിരുന്നു. യജമാനൻെറ പ്രവൃത്തി അവൻെറ ദൃഷ്ടിയിൽ തികഞ്ഞ 'ഭോഷത്വ''മായിരുന്നു. വലിയ ബുദ്ധിമുട്ടു കൂടാതെ, വിലപിടിപ്പുള്ള വസ്തുവകകൾ നേടാനുള്ള അവസരമല്ലേ പാഴാക്കിക്കളഞ്ഞതു്. ഗേഹസിയുടെ ഈ ചിന്ത അവനെ നയമാൻെറ പിന്നാലെ ഓടിച്ചു. അവന് വസ്ത്രവും വെള്ളിയും മാത്രമല്ല, ''നയമാൻെറ കുഷ്ഠ''വും കിട്ടി!

കൈക്കൂലി വാങ്ങി ന്യായം മറിച്ചുകളയുന്നവൻ, സദ്‌നീതിയുടെയും ശത്രുവിൻെറ കൂട്ടാളിതന്നെ. കൈക്കൂലി കിട്ടിയെങ്കിലും എന്തെങ്കിലും നടപടിയെടുക്കൂ എന്നു ശഠിക്കുന്ന ഉദ്യോഗസ്ഥവൃന്ദം സമൂഹത്തിൻെറ നേരെ യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നവരാണ്. ചെയ്യുന്ന ''സേവനങ്ങൾ''ക്കെല്ലാം കൈക്കൂലി കിട്ടണമെന്നു ഗൂഢമായി അഭിലഷിക്കുന്നവർ സമൂഹഗാത്രത്തിലെ ''കാൻസർ'' തന്നെ! അതു കിട്ടിയെങ്കിലേ വല്ലതും ചൊവ്വേ നേരെ നടക്കൂ എന്നു വരുമ്പോഴാണല്ലോ കൊടുക്കാൻ ജനം നിർബന്ധിതരാകുന്നതു്.

(ശേഷം 5-ാം പേജിൽ)

ധ്യാനവേദി — അദ്ധ്യായം 21

# ക്രിസ്താനുകരണം

തോമസ് എ. കെമ്പിസ്

വിവ. പ്രൊഫ. കെ. വി. തമ്പി

ദൈവ പാരിതോഷികങ്ങൾക്കെല്ലാമുപരി നമ്മുടെ അന്തിമ വിശ്രമം അവനിലത്രേ

ശിഷ്യൻ: എൻെറ ആത്മാവേ, അഖിലത്തിലും, അഖിലത്തിനപ്പുറവും നിൻെറ വിശ്രാന്തി നീ നാഥനിൽ കണ്ടെത്തണം; എന്തെന്നാൽ അവനാകുന്നു വിശുദ്ധരുടെ നിത്യവിശ്രമം.

എൻെറ ഏററവും പ്രിയംകരനായ യേശുവേ നീ സൃഷ്ടിച്ച സമസ്തത്തിനും അതീതമായി എൻെറ വിശ്രാന്തി നിന്നിൽ ഞാൻ കണ്ടെത്തുമാറാകട്ടെ; എല്ലാ ആരോഗ്യത്തിനും അഴകിനും മഹിമയ്ക്കും ബഹുമതിയ്ക്കും അതീതമായി; അധികാരത്തിനും പദവിയ്ക്കും അറിവിനും കഴിവിനും അതീതമായി; ധനങ്ങൾക്കും വാസനകൾക്കും സന്തുഷ്ടിയ്ക്കും ആമോദത്തിനും അതീതമായി; യശസ്സിനും പ്രസിദ്ധിയ്ക്കും അതീതമായി; മാധുര്യത്തിനും സൗഖ്യത്തിനുമതീതമായി പ്രത്യാശകൾക്കും പ്രതിജ്ഞകൾക്കും പാരിതോഷികങ്ങൾക്കും കാമനകൾക്കും അതീതമായി; നിനക്ക് ദാനം ചെയ്യാൻ കഴിവുള്ള എല്ലാ സമ്മാനങ്ങൾക്കും പ്രസാദങ്ങൾക്കും അതീതമായി; അനുഭവിച്ചറിയാൻ ഞങ്ങൾക്കു കഴിയുന്ന എല്ലാ സന്തോഷത്തിനും, ആഘോഷത്തിനും അതീതമായി; മാലാഖമാർക്കും പ്രധാന മാലാഖമാർക്കും സമസ്ത സ്വർഗ്ഗീയ സേനകൾക്കും ദൃശ്യവും അദൃശ്യവുമായ നിഖില പദാർത്ഥങ്ങൾക്കും അതീതമായി അല്ലയോ ദൈവമേ, നിനക്കു സ്വകീയമല്ലാത്ത എന്തിനും അതീതമായി തന്നെ.

എൻെറ നാഥനും എൻെറ ദൈവവും ആയവനേ, നന്മയാന്ന സകലത്തിനും ഉപരി നീ നല്ലവനാകുന്നു. നീ മാത്രമാണ് അത്യുന്നതൻ, അതിശക്തൻ, അതിസമർത്ഥൻ, അതിസമ്പൂർണ്ണൻ; നീ മാത്രമാകുന്നു മാധുര്യത്താലും, സൗഖ്യത്താലും സൗന്ദര്യത്താലും, സ്നേഹത്താലും, സമ്പൂർണ്ണൻ; സകല വസ്തുക്കൾക്കും ഉപരി നീ മാത്രമാകുന്നു. വാഴ്ത്തപ്പെട്ടവനും മഹത്വമുള്ളവനും, മാത്രമല്ല എല്ലാ സദ്വസ്തുക്കൾക്കും അവയുടെ പൂർണ്ണമായ അസ്തിത്വം നിന്നിലത്രേ; എന്നും ചെയ്തപോലെയും എന്നു ചെയ്യുമ്പോലെയും. അതുകൊണ്ട് നിനക്ക് സ്വകീയമല്ലാതെ നീ എനിക്കു നല്കുന്ന യാതൊന്നിനാലും, നിന്നെ ദർശിക്കുവാനും നിന്നെ പൂർണ്ണമായി സ്വീകരിക്കുവാനും എന്നെ അനുവദിക്കാത്ത യാതൊരു വാഗ്ദാനത്താലും വെളിപാടിനാലും ഞാൻ തൃപ്തനാകുന്നില്ല. നിൻെറ അഖിലസൃഷ്ടിയ്ക്കും അഖില പാരിതോഷികങ്ങൾക്കും അതീതമായി നിന്നാൽ വിശ്രാന്തി കൊണ്ടില്ലെങ്കിൽ, എൻെറ ഹൃദയത്തിന് യഥാർത്ഥത്തിൽ വിശ്രമിക്കുവാൻ കഴിയുകയില്ല.

അല്ലയോ ക്രിസ്തുവേശുവേ, പ്രിയപ്പെട്ട മണവാളാ, പവിത്രതമനായ പ്രിയതമാ, അഖിലസൃഷ്ടിയുടെയും രാജാവേ, നിന്നിൽ വിശ്രമിക്കുവാൻ ഞാൻ പറന്നുകലേണ്ടതിന്, യഥാർത്ഥമുക്തിയുടെ ചിറകുകൾ എനിക്കാരു നൽകും? എല്ലാ പദാർത്ഥങ്ങളിൽനിന്നുമുള്ള വിമോചനത്തെ ഞാനെന്നറിയും. അല്ലയോ നാഥനും ദൈവവുമായവനേ നീ എത്ര മഹിതോദാരനാണെന്ന് ഞാൻ യഥാർത്ഥത്തിൽ എന്നാണറിയുക? എല്ലാ ചിന്തകളെയും നീരവമാക്കി നിന്നെ നിർന്നിമേഷം നിരീക്ഷിക്കുവാൻ എനിക്കെന്നാണ് കഴിയുക? എങ്കിൽ നിന്നോടുള്ള സ്നേഹത്തിൽ ഞാൻ എന്നെത്തന്നെ വിസ്മരിച്ച് പ്രാർത്ഥനയുടെ സാധാരണ പഥങ്ങളെ പിൻതള്ളി എല്ലാ ഇന്ദ്രിയബോധത്തിനും അളവിനും അപ്പുറത്തേയ്ക്കു കടന്നുപോകും; നിന്നെക്കുറിച്ചുമാത്രം ഞാൻ ബോധവാനാവുകയും ചെയ്യും.

എന്നാൽ ഈ സ്ഥിതിയിൽ മിക്കപ്പോഴും ദുഃഖത്താൽ ഞാൻ നിലവിളിക്കുന്നു; എൻെറ അസന്തുഷ്ടാവസ്ഥയുടെ ഭാരത്തിൻ കീഴിൽ ഞാൻ ഞരങ്ങുന്നു. ഈ ദുഃഖത്താഴ്വര അസംഖ്യം തിന്മകളാൽ നിറഞ്ഞിരിക്കുന്നു. അതു് എന്നെ ഉത്കണ്ഠയും വിഷാദവും നിറഞ്ഞവനാക്കുന്നു; എൻെറ ജന്മത്തെ മ്ലാനതയാൽ പൂരിതമാക്കുന്നു, അവ എന്നെ തടസ്സപ്പെടുത്തുന്നു; എന്നെ വ്യതിചലിപ്പിക്കുന്നു; എന്നെ വശീകരിക്കുകയും കെണിയിൽ അകപ്പെടുത്തുകയും ചെയ്യുന്നു; അതുകൊണ്ട് പ്രതിബന്ധങ്ങളില്ലാതെ നിന്നിലണയുവാനും ധന്യാത്മാക്കൾ സദാ നുകരുന്ന നിൻെറ മധുരാശ്ലേഷത്തെ ആസ്വദിക്കുവാനോ എനിക്കു കഴിയുന്നില്ല.

(തുടരും)

ആരാധനാപഠനം

# ആരാധനാഗീതസമീക്ഷ

മാർ അപ്രേമിൻെറ ബോവൂസാ

(ശൗത്തെഫ്ലാൻമോർ)

ഗീതം

മാതൃവിശുദ്ധ സ്മൃതിസം
ബന്ധം നല്കുക നാഥാ!
തൽ പ്രാർത്ഥനയാൽ പുണ്യ
മിവർക്കും മൃതരായോർക്കും
ഭാഗ്യവതീ മറിയാമേ നിഴ
ലായ് മൂശപണിഞ്ഞ
പെട്ടിയതാൽ നീ ചിത്രീകൃ
തയായ് ഗൂഢാർത്ഥത്തിൽ
പെട്ടിക്കുള്ളിൽ ദൈവികമാ
യോരേടുകൾപോലെ
ന്യസ്തം നിന്നിൽ സത്യം മറി
യാം ജീവനപൂപം
മൃതരായ് മോദാൽ ശാന്ത്യാ
മേവുന്നോരേ ഭാഗ്യം
അച്ചാരംപോലവരിൽ ഗുപ്തം
നന്ദനഗാത്രം
പാതാളപ്രാകാരം ശക്ത്യാ ധൂ
ളിപ്പോൻ തൻ
നാദം കേട്ടിട്ടെതിരേററീടാ
നവരാഞ്ഞെത്തും
ദാവീദിൻ പുത്രിയിൽനി
ന്നും മെയ്പൂണ്ടൊരു പുത്രാ
നിൻ കൃപപാരം വർഷിക്ക
ണമീയിടവകയിൻമേൽ

അർത്ഥം–

കർത്താവേ! നിൻെറ വിശുദ്ധ മാതാവിൻെറയും പരിശുദ്ധന്മാരുടെയും ഓർമ്മകളോടു നീ ഞങ്ങൾക്കു ബന്ധം നിലനിർത്തേണമേ! അവരുടെ പ്രാർത്ഥനകളാൽ ഞങ്ങൾക്കും ഞങ്ങളുടെ വാങ്ങിപ്പോയവർക്കും പുണ്യം ലഭിക്കുമാറാകേണമേ.

ഭാഗ്യവതിയായ വിശുദ്ധ മറിയാമേ ന്യായപ്രമാണത്തിൻെറ കല്പലകകൾ സൂക്ഷിക്കുന്നതിനായി മൂശെ പണിഞ്ഞ പെട്ടകം പ്രതീകാത്മകമായി നിന്നെ സൂചിപ്പിക്കുന്നു. (പുറപ്പാട് 25:10–ഖദിരമരംകൊണ്ട് ഒരു പെട്ടകം ഉണ്ടാക്കണം) ദൈവകൽപ്പന എഴുതിയ ഏടുകൾ ആ പേടകത്തിൽ സൂക്ഷിക്കപ്പെട്ടതുപോലെ (പുറപ്പാട് 26:16, 21–ഞാൻ തരുവാനിരിക്കുന്ന സാക്ഷ്യം പെട്ടകത്തിനകത്തു് വയ്ക്കേണം) ജീവൻെറ അപ്പമായ മിശിഹാ തമ്പുരാൻ നിന്നിൽ ഇറങ്ങിവസിച്ചു

മരണത്തിനു വിധേയരായി ശാന്തതയിൽ നിവസിക്കുന്നവരേ നിങ്ങൾ നിരാശരാകേണ്ടതില്ല. ദൈവപുത്രൻെറ തിരുശരീരരക്തങ്ങൾ നിങ്ങളിൽ മറഞ്ഞിരിക്കുന്നുവല്ലോ.

പാതാളത്തിൻെറ കോട്ടകൊത്തളങ്ങളെ തൻെറ ഉഗ്രശക്തിയാൽ ഇടിച്ചു തകർക്കുന്നവൻെറ കാഹളനാദംകേട്ട് അവനെ എതിരേല്ക്കാനായി നിങ്ങൾ ഉയിർത്തെഴുന്നേററ് ആഹ്ലാദത്തോടെ ഓടിയെത്തും.

ദാവീദ്പുത്രിയിൽനിന്നു ശരീരം ധരിച്ച ദൈവപുത്രാ! നിൻെറ സമൃദ്ധിയായ അനുഗ്രഹങ്ങൾ ഈ ഇടവകയിൻമേൽ വർഷിച്ചുതരേണമേ!

പ്രൊഫ. എൻ. ഐ. നൈനാൻ ശൂരനാട്

# പ. ഗീവർഗീസ് ദ്വിതീയൻ സ്മരണകൾ

## കണക്കുകളുടെ കൃത്യത

### മുത്തൂററ് പാപ്പച്ചൻ

കേരളത്തിലെ ഒരു പ്രമുഖ ബിസ്സിനസ്സുകാരൻ; തികഞ്ഞ ഒരു സഭാസ്നേഹിയും സുവിശേഷപ്രകത്തകനും

അഭിമുഖം തയ്യാറാക്കിയതു് —ഷേബാലി

1955–ലാണെന്നു തോന്നുന്നു കോഴഞ്ചേരി സെൻറ് മാത്യൂസ് ഇടവകാംഗമായ തെള്ളീരേത്തു് ടി. ജി. ഏബ്രഹാം വക്കീലിൻെറ (പത്തനംതിട്ട കാതോലിക്കേററ് കോളജ് പ്രിൻസിപ്പൽ ഡോ. ടി. എ. ജോർജ്ജിൻെറ പിതാവ്) മകളുടെ കല്യാണം. പസാരം കോഴഞ്ചേരി പള്ളിക്കാണോ മാക്കാംകുന്നു പള്ളിക്കാണോ കൊടുക്കേണ്ടതു് എന്നു തർക്കം ഉണ്ടായി. ഏബ്രഹാം വക്കീൽ അന്നു് കോഴഞ്ചേരിപള്ളിയിലാണു് കൂടി നടക്കുന്നതു്. പത്തനംതിട്ട സ്ഥിരതാമസമായതിനാൽ ഭാര്യയും മക്കളും മാക്കാംകുന്നു പള്ളിയിലാണു് കർബ്ബാനയ്ക്കു പോകാററ്. രണ്ടിടത്തും ഇടവക രജിസ്ററററിൽ പേരും ഉണ്ടു്. മകളെ മാമ്മോദീസാ മുക്കിയതു് മാക്കാംകുന്നു പള്ളിയിലും. രണ്ടു പള്ളിക്കാരും ന്യായമായി പസാരത്തിനു് അവകാശവാദം ശക്തിയായി പുറപ്പെടുവിച്ചു. വക്കീലിനു് ഇതൊരു കുഴഞ്ഞ പ്രശ്നമായി. പസാരത്തുക പ: ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയെ ഏല്പിക്കാമെന്നും തർക്കം തിരുമേനി തന്നെ തീർക്കട്ടെ എന്നും വക്കീൽ തീരുമാനിച്ചു. അതനുസരിച്ചു് 600 രൂപ (10000 രൂ. സ്ത്രീധനമെന്നാണു് എൻെറ ഓർമ്മ. ഈ തുക അക്കാലത്തെ ന്യായമായ സ്ത്രീധന തുകയാണു്) തിരുമേനിയെ ഏൽപിച്ചു. വിവരം കോഴഞ്ചേരി ഇടവകക്കാരെയും മാക്കാംകുന്നു് ഇടവകക്കാരെയും അറിയിച്ചു. അടുത്ത ഞായറാഴ്ച വി: കുബ്ബാന കഴിഞ്ഞു് കോഴഞ്ചേരി ഇടവകക്കാർ പലരും ഇതേപ്പററി സംസാരമായി. ബാവാ തിരുമേനിയോടു് ആരു പണം ചോദിക്കും; എങ്ങനെ നമുക്കു പണം കിട്ടും, അദ്ദേഹം തരുമോ എന്നൊക്കെ ചിലർ സംശയം പ്രകടിപ്പിച്ചു.

പിറേറ ദിവസം ഞാനും ജോർജ്ജച്ചായനും (മുത്തൂററു എം. ജോർജ്ജ്) കൂടി കോട്ടയത്തു് ബിസ്സിനസ് സംബന്ധമായ കാര്യത്തിനു പോയി. ഞങ്ങൾ ദേവലോകം അരമനയിൽ കയറി ബാവാ തിരുമേനിയെ കണ്ടു് കൈ മുത്തി. ഞങ്ങൾ രണ്ടുപേരും കൈ മുത്തിയശേഷം കോഴഞ്ചേരിയിൽനിന്നും വരികയാണെന്നും മുത്തൂററെ ആണെന്നും പറഞ്ഞു. അപ്പോൾ തിരുമേനി; ''കൊള്ളാം; ഞാൻ ചെറുപ്പത്തിൽ പല പ്രാവശ്യം നിങ്ങളുടെ മുത്തൂററു് വന്നു് താമസിച്ചിട്ടുള്ളതു് അറിയാമോ'' എന്നു ചോദിച്ചു. ''കേട്ടിട്ടുണ്ടെന്നു്'' ഞങ്ങൾ മറുപടി പറഞ്ഞു-തിരുമേനിയും കോഴഞ്ചേരി തേവർവേലിൽ കടവിൽ പീടികയിൽ ഗീവറുഗീസ് കത്തനാരും (തേവർവേലിൽ സുപ്രസിദ്ധനായിരുന്ന മത്തായി കത്തനാരുടെ മകൻ) പഴയ സെമ്മനാരിയിൽ ശെമ്മാശ്ശൻമാരായി ഒരുമിച്ചു് പഠിച്ചിട്ടുണ്ടു്— അവർ വലിയ സ്നേഹിതന്മാരും ആയിരുന്നു. തേവർവേലിലെ ശെമ്മാശ്ശൻെറ കൂടെ പലപ്രാവശ്യം മുത്തൂററു് വന്നു താമസിച്ചിട്ടുണ്ടെന്നാണു് തിരുമേനി പറഞ്ഞതു്. ''നിങ്ങളുടെ വല്യമ്മച്ചിയുടെ ഉപ്പുമാങ്ങായുടെയും മററും രുചി ഇതേവരെ മറന്നിട്ടില്ല'' അദ്ദേഹം കല്പിച്ചു. ഇതുപോലെ തന്നെ തേവർവേലിലെ ശെമ്മാശ്ശനും തിരുമേനിയുടെ കല്ലാശ്ശേരി വീട്ടിലും താമസിച്ചിട്ടുണ്ടു്— (തേവർവേലിൽ ഗീവറുഗീസ് കത്തനാർ ഞങ്ങളുടെ വലിയപ്പച്ചൻെറ ഇളയ സഹോദരനാണു്) ഇതു കേട്ടപ്പോൾ ഞങ്ങൾക്കു വലിയ സന്തോഷമായി.

നിങ്ങളുടെ ഉപ്പാപ്പൻ ഏബ്രഹാം വക്കീൽ (മുത്തൂററും തെളീരേത്തും ജേഷ്ഠാനുജന്മാരുടെ കുടുംബവീടുകളാണു്) നിങ്ങളുടെ പള്ളിയ്ക്കു തരാൻ 300 രൂപ നമ്മെ ഏല്പിച്ചിട്ടുണ്ടു്. പസാരം 600 രൂപ രണ്ടു പള്ളിക്കാർക്കും ഒരുപോലെ വീതിയ്ക്കാനാണു് നമ്മുടെ തീരുമാനം. തിരുമേനി കല്പിച്ചു. ഞങ്ങൾ തുക ചോദിച്ചില്ല. തരികയാണെങ്കിൽ വാങ്ങിയ്ക്കാമെന്നേ കരുതിയുള്ളു. അപ്പോൾ തിരുമേനി ശെമ്മാശനെ വിളിച്ചു് കൈപ്പെട്ടി കൊണ്ടുവരാൻ ആവശ്യപ്പെട്ടു. തിരുമേനി തുവാലയുടെ അററത്തു് കെട്ടിയിട്ടിരുന്ന താക്കോൽകൊണ്ടു് പെട്ടിതുറന്നു് അതിൻെറ ഒരു അറയിൽ വച്ചിരുന്ന അറുനൂറു രൂപയിൽ 300രൂപ ജോർജ്ജച്ചായൻെറ കയ്യിൽ കൊടുത്തുകൊണ്ടു് ഇങ്ങനെ കല്പിച്ചു. 'നാം വട്ടശ്ശേരിൽ തിരുമേനിയിൽനിന്നുമാണു് പണത്തിൻെറ കാര്യത്തിലുള്ള കണിശവും ചിട്ടയും പഠിച്ചതു്. പള്ളികളുടെയും; സമുദായത്തിൻെറയും പണം വളരെ സൂക്ഷ്മമായും കണിശമായും കൈകാര്യം ചെയ്യണമെന്നു് പരുമല തിരുമേനിയിൽനിന്നും വട്ടശ്ശേരിൽ തിരുമേനി പഠിച്ചു്, നാമും അതേപടി തുടരുകയാണു്. പള്ളിയുടെയും സമുദായത്തിൻെറയും പണം വളരെ കണിശമായും ചിട്ടയായും കൈകാര്യം ചെയ്തു് നാം ചെറുപ്പം മുതലേ ശീലിച്ചതാണു്. ഇനിയും മാക്കാംകുന്നു് പള്ളിക്കാർ വന്നാൽ ബാക്കി 300 രൂപയും കൊടുക്കാമായിരുന്നു.'

മറെറാരു കാര്യംകൂടി പറഞ്ഞുകൊള്ളട്ടെ വട്ടശ്ശേരിലെ തിരുമേനിയുടെ ഒരു സഹോദരിയെ തേവർവേലിൽ കല്യാണം കഴിപ്പിച്ചിട്ടുണ്ടായിരുന്നു. (ഇപ്പോഴത്തെ തിരുവനന്തപുരം ഭദ്രാസനാധിപൻ ഗീവറുഗീസ് മാർ ദീയസ്കോറസ് തിരുമേനിയുടെ പിതാവിൻെറ അമ്മ.) ഭർത്താവ് നേരത്തെ മരിച്ചുപോയിരുന്നു പെങ്ങൾ വട്ടശ്ശേരിൽ തിരുമേനിയെ സന്ദർശിക്കാറുള്ളപ്പോൾ, തിരുമേനി പെങ്ങൾക്കു് എന്തെങ്കിലും കൊടുക്കുമായിരുന്നു 'ഇത്രയുമേ നമുക്കു തരാൻ നിവൃത്തിയുള്ളു. സമുദായത്തിൻെറ പണം നാം സ്വന്തം ആവശ്യത്തിനു് എടുക്കാറില്ല' എന്നു് തിരുമേനി പറഞ്ഞിട്ടുള്ളതായി കേട്ടിട്ടുള്ളതു് അപ്പോൾ ഞാൻ ഓർമ്മിപ്പിച്ചു. പ. കാതോലിക്കാബാവാ തിരുമേനിയുടെ കണിശത്തെപ്പററിയും പണം കൈകാര്യം ചെയ്യുന്നതിലുള്ള ചിട്ടയും ഇങ്ങനെ നേരിട്ടു മനസ്സിലാക്കാൻ ഒരു അവസരം ഞങ്ങൾക്കു കിട്ടി. ഞങ്ങൾ ട്രസ്റ്റിയെ പണം ഏല്പിക്കുകയും ചെയ്തു മററു ഒട്ടുവളരെ ശ്രേഷ്ഠഗുണങ്ങളുള്ള വന്ദ്യതിരുമേനിയുടെ പണസംബന്ധമായുള്ള ചിട്ട കൂടി കണ്ടുമനസ്സിലാക്കിയതിൽ അദ്ദേഹത്തോടുള്ള വലിയ ബഹുമാനം കുറെക്കൂടി വദ്ധിച്ചു.

തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ എല്ലാ ദിവസവും കൃത്യമായി ഞാൻ പ്രാത്ഥിക്കുന്നുണ്ടു്—അതിൻെറ അനുഗ്രഹമാണു് ഞങ്ങൾക്കുള്ളതെന്നു പരിപൂർണ്ണമായി വിശ്വസിക്കുന്നു. അദ്ദേഹം പറഞ്ഞുനിർത്തി.

## ഓർത്തഡോക്സ് വൈദികരും...

(1–ാം പേജിൽനിന്നും തുടർച്ച)

കരുതാം. മാർത്തോമ്മാസഭയിൽ വേർപാടിൻെറ കാലഘട്ടത്തിൽ പിരിഞ്ഞുപോയ വൈദികർ കമ്മീസു തന്നെ ധരിച്ചിരുന്നതായിട്ടാണു് കേട്ടിട്ടുള്ളതു്. പിന്നീടുണ്ടായ വൈദികരിൽ സെറാമ്പൂർ തുടങ്ങിയ പ്രോട്ടസ്റ്റൻറു് വൈദിക കോളജുകളിൽ പഠിച്ചിറങ്ങിയവർ കാസക്കു ധരിച്ചുതുടങ്ങിക്കാണണം. ആരംഭത്തിൽ ആ സഭയിലെ വൈദികർ സഭയുടെ വളർച്ചയ്ക്കായി അത്യദ്ധ്വാനം ചെയ്തു. പ്രോട്ടസ്റ്റൻറു കോളജുകളിൽ ഉന്നതവിദ്യാഭ്യാസം നേടി കാസക്കിട്ടിറങ്ങിയ യുവവൈദികക്ക് ആ സഭയിൽ നല്ല അംഗീകാരവും നേതൃത്വവും ലഭിച്ചപ്പോൾ ക്രമേണ ആ സഭയിൽ കാസക്കു് വൈദിക വേഷമായിത്തീർന്ന തായിരിക്കണം. അതിനു് സഭയുടെ ഔദ്യോഗികനിശ്ചയങ്ങൾ ഉണ്ടോ എന്നറിയില്ല. ഇന്നു് ആ സഭയിൽ കമ്മീസു ധരിക്കുന്ന വൈദികരുണ്ടോ എന്നു സംശയിക്കുന്നു.

ഓർത്തഡോക്സ് സഭയിൽ ഉന്നതവൈദിക വിദ്യാഭ്യാസ സൗകര്യമില്ലാതിരുന്ന കാലത്തു് ചുരുക്കം ചിലർ സെറാമ്പൂരിലുംബിഷപ്പ്സ് കോളേജിലും പോയി പഠിച്ചു. ബിഷപ്പ്സ് കോളേജിലെ വൈദികവിദ്യാത്ഥികളുടെ വേഷം തന്നെ കാസക്കായിരുന്നു. അങ്ങനെ പ്രോട്ടസ്റ്റൻറു് കോളേജിൽ ഉന്നത വൈദികവിദ്യാഭ്യാസം നടത്തി വന്നവരാണു് പട്ടമേററശേഷം ഓർത്തഡോക്സ സഭയിൽ ആംഗ്ലിക്കൻ കാസക്കു് ധരിച്ചു നടക്കാൻ തുടങ്ങിയതു്. അവർക്കാണു് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ശക്തമായ ശകാരവും കേൾക്കേണ്ടി വന്നതു്. ഓർത്തഡോക്സ് വൈദികസെമിനാരി ഇന്നത്തെരീതിയിൽ പുനരാരംഭിച്ചപ്പോൾ അദ്ധ്യാപകരായിരുന്നതും അതിനെ വളർത്തിയതും സെറാമ്പൂർ ബിരുദധാരികൾ തന്നെയായിരുന്നു. അവരിൽ പലരും വൈദിക മേലദ്ധ്യക്ഷന്മാരുമായി. ഇവരെല്ലാം ആംഗ്ലിക്കൻ കാസക്കു ധാരികളായപ്പോൾ വൈദിക സെമിനാരിയിൽ പഠിച്ചിറങ്ങിയവക്കും അതാണു് അനുയോജ്യമായ വൈദികവേഷം എന്നുതോന്നി. അങ്ങനെ ഓർത്തഡോക്സ് സഭയിലെ വൈദികരാകെ പാരമ്പര്യ വൈദികവേഷം കളഞ്ഞിട്ടു് ഇപ്പോൾ ആംഗ്ലിക്കൻ കാസക്കു് സ്വീകരിച്ചിരിക്കുകയാണു്. ആദ്യമാദ്യം കാസക്കു് ധരിച്ചു തുടങ്ങിയവർ, സാമാന്യ വൈദികവിദ്യാഭ്യാസം മാത്രമുള്ള ബഹുഭൂരിപക്ഷം ഓർത്തഡോക്സ് വൈദികരുടെ ഇടയിൽ ഉന്നതവിദ്യാഭ്യാസം ലഭിച്ചവരെന്നു് അറിയപ്പെട്ടിരുന്നു എന്നു വിചാരിക്കാം. കമ്മീസു ധരിച്ചാൽ വൈദികനാണെന്നു് ഉത്തരേൻഡ്യക്കാർ മനസ്സിലാക്കയില്ലെന്നു് തെററിദ്ധരിച്ചു് ലേഖകനും ബാഹ്യകേരളത്തിൽ വൈദികനായപ്പോൾ കാസക്കു് ധരിച്ചിരുന്നു.

ഇനി മേലിൽ ഈ ആംഗ്ലിക്കൻ കാസക്കുതന്നെ ആയിരിക്കണമോ നമ്മുടെ വൈദിക വേഷം? ചരിത്രപരമായും സ്സാരികപരമായും നമുക്കു് എന്തുബന്ധമാണു് ഈ കാസക്കിനോടുള്ളതു്? ആംഗ്ലിക്കൻ സഭയുടെ വിശ്വാസമോ പാരമ്പര്യമോ ആരാധനാരീതിയോ ഒന്നും നാം സ്വീകരിച്ചിട്ടില്ലല്ലോ. അതു സ്വീകരിച്ചവരും അതിൽനിന്നു് പ്രചോദനം ഉൾക്കൊണ്ടവരുമായ സഭകളിലെ വൈദികർ ആ കാസക്കു ധരിച്ചാൽ അതിൽ സാംഗത്യമുണ്ടു്. അവയെല്ലാം പരിത്യജിച്ചുകൊണ്ടു് മാവേലിക്കര സുന്നഹദോസിൽ പാരമ്പര്യ വിശ്വാസത്തെ ഉയർത്തിപ്പിടിച്ച വൈദികകരങ്ങൾ ഇന്നു് അവരുടെ കാസക്കു ധരിച്ചതായി കാണപ്പെടുന്നതും വിരോധാഭാസമല്ലേ? രണ്ടുമൂന്നു പതിററാണ്ടുകൾക്കു മുമ്പു് ഉന്നത വൈദികവിദ്യാഭ്യാസം ലഭിച്ചവർ ഓർത്തഡോക്സ് സഭയിൽ കുറവായിരുന്നെങ്കിൽ ഇന്നു് സ്ഥിതി അതല്ലല്ലോ. വൈദികഡയറക്ടറിയിൽ തന്നെ നോക്കു. ഒന്നോ അതിലധികമോ ഡിഗ്രിയുള്ളവരല്ലേ ബഹുഭൂരിപക്ഷം വൈദികരും. ഇന്നു് അക്കാര്യത്തിൽ മുമ്പരെന്നോ പിമ്പരെന്നോ തിരിച്ചറിയുവാൻ ഈ കാസക്കു് ഉപകരിക്കുന്നില്ല ആംഗ്ലിക്കൻ സഭയോടു് ഓരോ തരത്തിൽ ബന്ധപ്പെട്ട സി. എസ്. ഐ, സി. എൻ. ഐ, മാർത്തോമ്മാ, അടുത്തകാലത്തു രൂപം കൊണ്ട സി. എം എസ്സ്. എന്നീ സഭകളിലെ വൈദികരും സി. എസ്. ഐയിൽ സ്ഥാനമേററ വനിതാ വൈദികയും ഇനി ഉണ്ടാകുവാൻ പോകുന്ന വനിതാവൈദികരും ഉപയോഗിക്കുന്ന ആംഗ്ലിക്കൻ കാസക്കായിരിക്കണമോ, ഒന്നര നൂററാണ്ടിനു മുമ്പു് ആ സഭയുമായി ബന്ധം വേണ്ടെന്നു തീരുമാനിച്ച ഓർത്തഡോക്സ് സഭയിലെ ഇന്നത്തെ വൈദികർ അവരുടെ വേഷമായി തിരഞ്ഞെടുക്കേണ്ടതെന്നു് ഇപ്പോഴെങ്കിലും ചിന്തിച്ചിരുന്നെങ്കിൽ എന്നു് ആഗ്രഹിക്കുന്നു. എല്ലാ രംഗങ്ങളിലും ഓർത്തഡോക്സ് സഭ അതിൻെറ വ്യക്തിത്വം പരിരക്ഷിച്ചു് മുന്നേറുമ്പോൾ വൈദിക വേഷത്തെ സംബന്ധിച്ചിടത്തോളം പാരമ്പര്യ വ്യക്തിത്വം നഷ്ടപ്പെടുത്തുന്നതു് അഭിലഷണീയമായ പ്രവണതയായി തോന്നുന്നില്ല. ശരീരത്തോടു് ഒട്ടിച്ചേർന്നു കിടക്കുന്ന വസ്ത്രം ഇഷ്ടപ്പെടുന്നവരുണ്ടു്. ആംഗ്ലിക്കൻ കാസക്കിനുള്ള ഒരു പ്രത്യേകത ആ ഗുണമാണു്. അതിനു തുല്യമായി പൗരസ്ത്യ രീതിയിലുള്ള അർമ്മീനിയൻ കാസക്കു് ആവശ്യമുള്ളവർ ഉപയോഗിച്ചു കൊള്ളുവാൻ പ. ഗീവറുഗീസ് ദ്വിതീയൻ ബാവാ അനുവദിച്ചിരുന്നതായി കേട്ടിട്ടുണ്ടു്. നാം പൗരസ്ത്യ സഭക്കാരാകയാൽ പൗരസ്ത്യ പാരമ്പര്യമുള്ള വൈദികവേഷം ഉപേക്ഷിച്ചു് പാശ്ചാത്യ വൈദികവേഷത്തിലേയ്ക്കു് തിരിയുന്നതു് അഭികാമ്യമായിരിക്കയില്ല. ആകയാൽ ഓർത്തഡോക്സ് സഭയിലെ വൈദിക സഹോദരങ്ങൾ ഇക്കാര്യം പരിഗണിക്കുമെന്നു വിശ്വസിക്കുന്നു. വൈദികമേലദ്ധ്യക്ഷന്മാരും വൈദിക സെമിനാരിയിലെ ബഹുമാന്യ വൈദികരും മേലിൽ കാസക്കു തുന്നിക്കുമ്പോൾ പൗരസ്ത്യരീതിയിലുള്ളതായിരുന്നാൽ മററു വൈദികരും അതു് അനുകരിക്കുമെന്നുള്ളതു് തക്മില്ലാത്ത കാര്യമാണു്. അങ്ങനെ ഓർത്തഡോക്സ സഭയിലെ വിദ്യാസമ്പന്നരും ഉൽബുദ്ധരുമായ വൈദികർ വൈദിക വേഷത്തിൻെറ പാരമ്പര്യവ്യക്തിത്വം വീണ്ടെടുക്കുമെന്നാശിക്കട്ടെ!

## പ. സുന്നഹദോസ് ...

(1–ാംപേജിൽനിന്നും തുടർച്ച)

മുതലായവ സംബന്ധിച്ചു് ആരാധനമദ്ധ്യേ പ്രസംഗിക്കുവാൻ ഒരു വർഷത്തേയ്ക്കുള്ള പ്രസംഗക്കുറിപ്പുകൾ സുന്നഹദോസ് സ്റ്റാൻഡിംഗ് കമ്മററി നിയോഗപ്രകാരം തയ്യാറാക്കുന്നതിനെക്കുറിച്ചുള്ള ചർച്ച, വട്ടശ്ശേരിൽ തിരുമേനിയുടെ പേരിലുള്ള എൻഡോവ്മെൻറ് കമ്മററി പുന:സംഘടിപ്പിക്കുക, അർമ്മീനിയൻ ദുരിതാശ്വാസ ഫണ്ടു് തുടങ്ങിയവയാണു് അജണ്ടയിലെ പ്രധാനപ്പെട്ട വിഷയങ്ങൾ.

എല്ലാദിവസവും രാവിലെ അരമണിക്കൂർ നേരത്തേയ്ക്കു് പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ധ്യാനപ്രസംഗം നടത്തുന്നതാണു്.

# ഇവരെ പരിചയപ്പെടുക

# ഇവരുടെ പ്രാർത്ഥനകളും

### കെ. ജോൺമാത്യൂസ് തുമ്പമൺ

യഹോവയെ നേരിൽ കണ്ട യാക്കോബ് സന്തുഷ്ടമാനസനായി. അലഞ്ഞുതിരിയേണ്ടി വന്നാലും തന്റെ ദൈവം തന്നെ കൈവിടില്ല എന്ന വിശ്വാസം യാക്കോബിന് ഉൾപുളകമാക്കി. കർമ്മഭൂമിയിലേക്കുള്ള പ്രയാണത്തിന് ഈ വിശ്വാസം ഉപോദ്ബലകമായി. ഭാവിജീവിതത്തെക്കുറിച്ച് രൂപരേഖ തയ്യാറാക്കി വഴിയറിയാതെ നടന്ന യാക്കോബ് കിഴക്കരുടെ ദേശത്ത് ഒരു കിണററിനരികെ ഇരുന്നു. അവിടെ കണ്ട ആട്ടിൻകൂട്ടത്തിന്റെ ഉടമസ്ഥരോട് ലാബാന്റെ വീട്ടിലേയ്ക്കുള്ള വഴി അന്വേഷിച്ചു. ലാബാന്റെ മകൾ റാഹേൽ ആടിന് വെള്ളം കൊടുക്കാനായി ആട്ടിൻപററത്തെ നയിച്ചുകൊണ്ട് ദൂരെനിന്നു വരുന്നത് അവർ അവന് കാട്ടിക്കൊടുത്തു.

തന്റെ മാതുലപുത്രിയെ ദൂരെനിന്നു കണ്ടപ്പോൾ അവന്റെ ഹൃദയം ആനന്ദതുന്ദിലമായി. പ്രഥമവീക്ഷണത്തിൽ തന്നെ അവളെ ഭാര്യയായി ലഭിക്കണമെന്നുള്ള ആഗ്രഹം അവന്റെ മനോമുകരത്തിൽ മൊട്ടിട്ടു. ശാലീനസൗന്ദര്യത്തിന്റെ പ്രതീകമായിരുന്നു റാഹേൽ.

അവൾ അടുത്തുവന്നപ്പോൾ അവളോടുള്ള സഹോദരനിർവ്വിശേഷമായ താല്പര്യം നിയന്ത്രണാതീതമായി. പരിസരം മറന്ന് അവൻ അവളെ ആലിംഗനം ചെയ്തു ചുംബിച്ചു. സന്തോഷാധിക്യത്താൽ പൊട്ടിക്കരഞ്ഞു. കാര്യം അറിയാതെ അവൾ പകച്ചു. അത്ഭുതസ്തബ്ധയായി നിന്ന റാഹേൽ ലജ്ജാവനമ്രമുഖിയായി. സുഭഗനും സുന്ദരനുമായ ഒരന്യപുരുഷൻ തന്നെ അനുവാദമില്ലാതെ ചുംബിച്ചതിൽ അമർഷംപൂണ്ടു.

പകച്ചുനിന്ന അവളുടെ മാനസികാവസ്ഥ മനസ്സിലാക്കിയ യാക്കോബ് താൻ ആരാണെന്നുള്ള സത്യം അവളെ പറഞ്ഞു ബോദ്ധ്യപ്പെടുത്തി. തന്റെ മച്ചുനൻ ആണ് തന്റെ മുമ്പിൽ നിൽക്കുന്നത് എന്നു മനസ്സിലാക്കിയ അവൾ ആനന്ദംകൊണ്ട് തുള്ളിച്ചാടി. പാരവശ്യവും പ്രതിഷേധവും എങ്ങോ പോയിമറഞ്ഞു.

ഓടിച്ചെന്ന് വിവരം തന്റെ പിതാവിനെ ധരിപ്പിച്ചു. വിവരം കേട്ട മാത്രയിൽ ലാബാന് തന്റെ ഭാഗിനേയനെ കാണാനുള്ള ആകാംക്ഷ വർദ്ധിച്ചു. വർഷങ്ങൾക്കുമുമ്പ് ദൂതനോടുകൂടെ ഇസ്സഹാക്കിന്റെ ഭവനത്തിലേയ്ക്കു പോയ റിബേക്കയുടെ ചിത്രം അവന്റെ മനസ്സിൽ പതിഞ്ഞു. സഹോദരിയോടുള്ള സ്നേഹം തന്റെ മനോമുകരത്തിൽ ചുരുൾ നിവർത്തി. ഒരു നിമിഷവും പാഴാക്കാതെ യാക്കോബിന്റെ അടുക്കൽ ഓടിച്ചെന്നു. കണ്ടമാത്രയിൽ ഇരുവരുടെയും കണ്ണുകൾ ഈറനണിഞ്ഞു. ആനന്ദാതിരേകത്താൽ ആലിംഗനബദ്ധരായി പരസ്പരം ചുംബിച്ചു. അമ്മാവന്റെയും അനന്തിരവന്റെയും സ്നേഹപ്രകടനം കണ്ടുനിന്നവരിൽ ആനന്ദബാഷ്പം ഉണർത്തി. യാക്കോബിനെ ലാബാൻ തന്റെ വീട്ടിലേയ്ക്കു കൊണ്ടുപോയി. 'നീ എന്റെ മാംസവും അസ്ഥിയുംതന്നെ.' എന്നു പറഞ്ഞു ഹൃദ്യമായി സത്ക്കരിച്ചു.

## ഞാൻ നിന്നിൽ ആശ്രയിക്കുന്നു

## എന്നെ രക്ഷിക്കണമേ-യാക്കോബ്

ഏശാവിനെ പററിച്ച യാക്കോബിന് ദൈവം നൽകിയ അഭയകേന്ദ്രം താൻ ചെയ്ത പ്രവർത്തികൾക്ക് തക്കപ്രതിഫലം ലഭിക്കുന്ന ഒന്നായിരുന്നു എന്ന് പില്ക്കാലസംഭവങ്ങൾ നിതരാം സാക്ഷ്യംവഹിച്ചു.

പ്രഥമദൃഷ്ടിയിൽ തന്റെ മനംകവർന്ന മനോഹരരൂപിണിയായ റാഹേലിനെ വിവാഹം കഴിച്ചാൽ കൊള്ളാമെന്ന തന്റെ ഇംഗിതം ഒരു മാസം അവിടെ താമസിച്ചുകഴിഞ്ഞപ്പോൾ ലാബാനോടു വെളിപ്പെടുത്തി. സുമുഖനും സുഭഗനുമായ യാക്കോബിന് റാഹേലിനെ കൊടുക്കുവാൻ ലാബാന് വിരോധമില്ലായിരുന്നു. ഏഴു വർഷം തനിക്കുവേണ്ടി പണിചെയ്യുന്നമെന്ന ഒരു വ്യവസ്ഥ ലാബാൻ മുന്നോട്ടുവെച്ചു. യാക്കോബ് സമ്മതിച്ചു.

ഭാവിജീവിതത്തെക്കുറിച്ചുള്ള സ്വപ്നങ്ങൾ നെയ്തെടുത്തും, റാഹേലുമൊത്ത് സന്തുഷ്ടകുടുംബജീവിതം കരുപ്പിടിപ്പിക്കുന്നതിനെക്കുറിച്ച് ഭാവനാചിത്രം വരച്ചും ലാബാന്റെ ആടുകളെ മേയിച്ച് ഏഴ് വർഷങ്ങൾ പോയതറിഞ്ഞില്ല. കാലാവധി കഴിഞ്ഞു. റാഹേലിനെ ഭാര്യയായി സ്വീകരിക്കുവാനുള്ള മോഹവുമായി ലാബാനെ സമീപിച്ചപ്പോൾ വിസമ്മതം ഒന്നും പ്രകടിപ്പിച്ചില്ല. ലാബാൻ അന്നേദിവസം ഒരു വിരുന്നൊരുക്കി. ആ രാത്രിയിൽ തന്റെ മകളെക്കൂട്ടി ലാബാൻ അവന്റെ അടുക്കൽ ചെന്നു. യാക്കോബ് വളരെ സന്തോഷിച്ചു. ഏഴുവർഷത്തെ കഠിനപ്രയത്നത്തിന്റെശേഷം, ഹൃദയചോരിണിയായ റാഹേലിനെ തനിക്ക് ലഭിക്കാൻ പോകുന്നല്ലോ. എന്നോർത്ത് മനം കുളിർത്തു ലാബാന്റെ ഉള്ളു നിറഞ്ഞ സ്നേഹത്തിന്റെ മുമ്പിൽ അവൻ മുകുളീകൃതപാണിയായി.

പിറെറദിവസം പ്രഭാതത്തിലാണ് ലാബാൻ സത്യം വെളിപ്പെടുത്തിയത്. മൂത്തമകൾ ലേയ അവിവാഹിതയായി നില്ക്കുമ്പോൾ ഇളയവൾ വിവാഹിതയാകുന്നത് നാട്ടുനടപ്പിന് വിരുദ്ധമാകയാൽ റാഹേലിന്റെ വിവാഹം നടത്തുന്നത് അഭികാമ്യമല്ല. അതിനാൽ ലേയായെ ഭാര്യയായി സ്വീകരിക്കു എന്ന് ലാബാൻ പറഞ്ഞപ്പോൾ യാക്കോബിന്റെ സപ്നനാഡികളും തകർന്നു. തന്റെ ദിവാസ്വപ്നങ്ങൾ തകർന്നുപോയതിൽ മനംനൊന്തു കരഞ്ഞു. താൻ ആർക്കുവേണ്ടി ഏഴ് വർഷം പണിചെയ്തുവോ അവൾക്ക് പകരം താൻ ഒരിക്കലും ആഗ്രഹിക്കാത്ത ലേയയെയാണ ലാബാൻ തന്നത് എന്നോർത്തപ്പോൾ യാക്കോബ് തീർത്തും വിവശനായി.

ഞാൻ ഏഴ് വർഷം പണിചെയ്തത് റാഹേലിന് വേണ്ടിയല്ലേ പിന്നെ നീ എന്തിന് എന്നോട് ഈ ചതി ചെയ്തു? 'യാക്കോബിന്റെ ഈ വാക്കുകളിൽ വിദ്വേഷവും, നിരാശയും, സങ്കടവും മുററിനിന്നിരുന്നു. 'നാട്ടുനടപ്പിന് വിരുദ്ധമായി ചെയ്യുവാൻ പ്രയാസമാണെന്നുള്ള ലാബാന്റെ നിലപാട് യാക്കോബിനെ നിരാശാതപ്തനാക്കി. ഇനിയും ഏഴ വർഷം കൂടി തനിക്കുവേണ്ടി പണിയെടുത്താൽ റാഹേലിനെ നൽകാം എന്ന് ലാബാൻ തുടർന്നു പറഞ്ഞു.

താൻ ഏഴ് വർഷം അടിമയെപ്പോലെ പണിചെയ്തത് വിഫലമായത് ഓർത്തപ്പോൾ തന്റെ ജ്യേഷ്ഠനെ പററിച്ചതിലുള്ള പരിണിതഫലം ആദ്യമായി യാക്കോബ് രുചിച്ചറിഞ്ഞു. എങ്കിലും ലക്ഷ്യത്തിൽനിന്നും പിന്മാറുകയില്ലെന്നുതന്നെ തീരുമാനിച്ചു. ദൃഢനിശ്ചയത്തോടുകൂടി ഏഴ് വർഷം കൂടി ലാബാന്റെ വസതിയിൽ താമസിച്ച് അദ്ധ്വാനിച്ചു. കാലാവധി തികഞ്ഞപ്പോൾ ജീവിതവിശുദ്ധിയുള്ള യാക്കോബിന് റാഹേലിനെ നല്കി ലാബാൻ വാക്കുപാലിച്ചു.

(ഈ അദ്ധ്യായം അവസാനിക്കുന്നില്ല)

# വേദനയെ തോല്പിക്കുന്ന നിഷ്ഠ

### ടി. സി. ഗീവറുഗീസ് കോറെപ്പിസ്ക്കോപ്പാ

വാകത്താനത്തെ പ: ബാവാ തിരുമേനിയിൽ എനിക്ക് തികഞ്ഞ ഭക്തിയായിരുന്നു.

അദ്ദേഹം കാതോലിക്കാ ആയതിനുശേഷം മാക്കാംകുന്ന് കൺവൻഷനിൽ പ്രസംഗിച്ചു. അന്നദ്ദേഹത്തിന് കൈപ്പട്ടൂർ പള്ളിയിൽ വച്ചൊരു സ്വീകരണം നൽകി. അത്രയും ഗംഭീരമായൊരു സ്വീകരണം പിന്നീട് ഞാൻ വളരെ ചുരുക്കമായിട്ടേ കണ്ടിട്ടുള്ളു

അന്ന് ആ പ്രദേശത്തുള്ള സകല പള്ളികളിൽനിന്നും ആബാലവൃദ്ധം ജനങ്ങൾ കുരിശും, മുത്തുക്കുടയും, കൊടിയുമായി എത്തി പ: ബാവാ തിരുമനസിനെ കൈപ്പട്ടൂരിൽനിന്ന് സ്വീകരിച്ച് മാക്കാംകുന്നിലേയ്ക്കാനയിച്ചു

അദ്ദേഹത്തിന് ഉദരസംബന്ധമായ രോഗമുണ്ടായിരുന്നു. ആ വർഷത്തെ മൂന്ന് നോമ്പിന് മാക്കാംകുന്നുപള്ളിയിലായിരുന്നു അദ്ദേഹം. ഉദരരോഗത്തിന് പ്രതിവിധിയായി എല്ലാ ദിവസവും പാൽകുടിക്കണം എന്ന വൈദ്യനിർദ്ദേശം പതിവുപോലെ ആ മൂന്നുനോമ്പിലും ലംഘിച്ചു. പാൽ ഉപയോഗിക്കാതിരുന്നതിന്റെ ഫലമായി നോമ്പ് വീടിയ അന്ന് അതിശക്തമായ വയറ് നോവ് അദ്ദേഹത്തിനനുഭവപ്പെട്ടു. അപ്പോൾ ഞാൻ പള്ളിയിലുണ്ടായിരുന്നു. ഞാൻ തിരുമനസിനോടു ഞങ്ങൾ എന്തു ചെയ്യണം എന്നു ചോദിച്ചു.

പാൽ കിട്ടിയാൽ നന്നായിരുന്നു എന്ന് തിരുമേനി പറഞ്ഞു.

എന്റെ ഭാര്യാഗൃഹം പള്ളിയുടെ തൊട്ടടുത്തുതന്നെയായതിനാൽ ഞാനവിടെ ചെന്ന് പാൽ വാങ്ങി പള്ളിയിൽ കൊണ്ടുവന്ന് തിരുമേനിക്ക് കൊടുത്തു

പാൽ കുടിച്ച് കുറെനേരം കഴിഞ്ഞപ്പോൾ അദ്ദേഹത്തിന് അല്പം ആശ്വാസം തോന്നി. തിരുമേനിയുടെ പ്രയാസങ്ങളെല്ലാം കണ്ട് ഞാൻ തിരുമേനിയോടു പറഞ്ഞു,

''കാനോനികമായിട്ട് നോമ്പിൽ പാൽ വർജ്ജിക്കേണമെന്ന് കല്പനയുണ്ടെങ്കിലും രോഗികൾക്കാവശ്യമായ ഭക്ഷണം കഴിക്കുന്നതിന് കുഴപ്പമില്ലല്ലോ. വയററുനോവോടുകൂടി നോമ്പുകളെല്ലാം ഇത്ര കഠിനമായി നോക്കണോ? പാലെങ്കിലും കുടിച്ചാൽ ആശ്വാസം കിട്ടുമല്ലോ.''

അപ്പോൾ അദ്ദേഹം പറഞ്ഞു. ''എടോ നാം പാലോ മററോ കുടിച്ചാൽ മററുള്ളവർ പറയും ബാവാ തിരുമേനിക്ക് നോമ്പില്ല എന്ന്. അതുകൊണ്ട് മററുള്ളവർക്കുവേണ്ടി നാം മരിക്കണം. മരിച്ചോട്ടെ, എനിക്കതിൽ പ്രയാസമൊന്നുമില്ല. വേദന ശമിക്കാൻ ദൈവം ശക്തി തരണമെന്നേയുള്ളു.''

അങ്ങനെ വളരെ നിഷ്ഠയുള്ള തിരുമേനിയായിരുന്നു അദ്ദേഹം. ആ സമയത്തു് 'തബലൈത്ത' ഒന്നും കിട്ടാനില്ലായിരുന്നു. എനിക്കൊരെണ്ണം വേണമെന്നുണ്ടായിരുന്നു. അതറിഞ്ഞ് പ: ബാവാ തിരുമേനി എന്നോടു ചോദിച്ചു.

''തനിക്ക് തബലൈത്താ ഇല്ലേ?''

''ഇല്ല. എനിക്കൊരെണ്ണം കിട്ടിയാക്കൊള്ളാമെന്നുണ്ട്.'' എന്നു ഞാനുത്തരം പറഞ്ഞു.

''എങ്കിൽ താൻ വാകത്താനത്തു വന്നേര്, ഞാനൊരെണ്ണം തരാം.'' എന്ന് അദ്ദേഹം പറഞ്ഞു.

ഒരു നാല്പതാം വെള്ളിയാഴ്ചയുടെ തലേന്ന് ഞാൻ ചെന്നു. അടിച്ചു കാച്ചുന്നതൊക്കെ തിരുമേനിതന്നെയായിരുന്നു. ശുശ്രൂഷകൻ സഹായിക്കുകയേ ഉണ്ടായിരുന്നുള്ളു. അടിച്ചുകാച്ചിയതിനുശേഷം തബലൈത്താ എടുത്ത് ഭദ്രമായി പെട്ടിയിൽ സൂക്ഷിച്ചുവച്ച് എനിക്കു തന്നു. ഞാനതുകൊണ്ടുവന്ന് ഉപയോഗിച്ചു. ഇപ്പോഴത്ത് നേരത്തെ എന്റെ ചുമതലയിൽ ഉണ്ടായിരുന്ന ഒരു ചാപ്പലിന് കൊടുത്തിരിക്കുകയാണ്.

## തട്ടയിൽ പള്ളി ജൂബിലി തൊണ്ണൂറിൽ ഉദ്ഘാടനം

കീരുകുഴി: തട്ടയിൽ- കീരുകുഴി സെൻറ് ജോർജ് ഓർത്തഡോക്സ് പള്ളിയുടെ കനക ജൂബിലി ആഘോഷങ്ങൾ 1990-ൽ ഉദ്ഘാടനം ചെയ്യപ്പെടും. ഒരു വർഷം നീണ്ടുനില്ക്കുന്ന കർമ്മപരിപാടികൾ ജൂബിലി വർഷം ഉണ്ടായിരിക്കും. ഇടവക വികാരി ഫാ. കെ. എം. തോമസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ഇടവക പൊതുയോഗം ജൂബിലി ആഘോഷങ്ങളുടെ വിജയത്തിനായി 51 അംഗ ജൂബിലി കമ്മററിയെ തെരഞ്ഞെടുത്തു.

തുമ്പമൺ ഭദ്രാസനാധിപൻ ദാനിയേൽ മാർ പീലക്സീനോസ് (രക്ഷാധികാരി), ഫിലിപ്പോസ് മാർ യൗസേബിയോസ് (ഉപരക്ഷാധികാരി), ഫാ. കെ. എം. തോമസ് (പ്രസിഡൻറ്), ഫാ. മാത്യു വർഗീസ് (വൈസ് പ്രസിഡൻറ്), പ്രൊഫ. എബ്രഹാം ജോർജ് (പ്രോഗ്രാം കൺവീനർ), ഡോ. അജിത്. പി. ജോർജ് (റിസപ്ഷൻ), വി. ഐ. വർഗീസ് (ജനറൽ), പി. കെ. പാപ്പി (ഫിനാൻസ്), കെ. വി. കോരുത്ത് (അക്കോമഡേഷൻ), കെ. സി. വർഗീസ് (സാമൂഹ്യസേവനം), തോമസ് (പബ്ലിസിററി) തുടങ്ങിയവരുടെ നേതൃത്വത്തിൽ ജൂബിലി കമ്മററി പ്രവർത്തനമാരംഭിച്ചു.

## യാത്ര അയപ്പ്...

(1-ാം പേജിൽനിന്നും തുടർച്ച)

പുതുതായി നിയമിതനായ ഫാ: പി. സി. അലക്സാണ്ടർക്ക് അനുമോദനങ്ങൾ നേർന്നുകൊണ്ട് ജൂൺ 2-ന് കൂടിയ സമ്മേളനത്തിൽ സാജു മാത്യു, എം. എം. ജോൺ, മാത്യു എം. പീററർ എന്നിവർ പ്രസംഗിച്ചു.




**Jacob N. Daniel**
U.S.A.

അദ്ധ്യായം 16

# ഐക്യപാലനം (Maintenance of unity)

## 1. സഭയുടെ ഏകത്വം പാലിക്കപ്പെടുന്നതെങ്ങനെ?

വിശ്വാസം, പട്ടത്വം, കൂദാശകൾ (faith, order, and sacraments) എന്നിവയുടെ ഐക്യതയാണ് സഭാവിഭാഗങ്ങളുടെ ഐക്യത്തിനു നിദാനമായി കരുതേണ്ടതെന്നു കണ്ടുകഴിഞ്ഞു. വിപരീതോപദേശങ്ങളെയും, അഭിപ്രായങ്ങളെയും വെറുത്ത് നിർമ്മല വിശ്വാസം സംരക്ഷിക്കുന്നതിനുള്ള ശ്രദ്ധ എപ്പോഴും സഭാംഗങ്ങൾക്ക് ഉണ്ടായിരിക്കണം. അതുപോലെതന്നെ പട്ടത്വകാര്യത്തിലും, കൂദാശാജീവിതത്തിലും, സഭ സൂക്ഷ്മമായ നിഷ്കർഷത പാലിക്കണം.

വിശ്വാസകാര്യങ്ങളിലും, പട്ടത്വത്തിലും, നമ്മുടെ കർത്താവ് സ്ഥാപിക്കുകയും, ശിഷ്യന്മാർ പ്രചരിപ്പിക്കുകയും ചെയ്ത അപ്പോസ്തോലികസഭയുടെ ശരിയായ പിന്തുടർച്ച ഉണ്ടായിരിക്കുവാൻ ശ്രദ്ധിക്കണം. അപ്പോസ്തോല വിശ്വാസത്തിൽനിന്നു വിഭിന്നമായ വിശ്വാസമോ, അപ്പോസ്തോലപൗരോഹിത്യ പിന്തുടർച്ചയ്ക്ക് ശിഥിലതയോ ഉണ്ടാകുന്നത് സഭയുടെ ഐക്യത്തിനു തടസ്സം വരുത്തുന്നതാകുന്നു. മനുഷ്യരക്ഷയ്ക്ക് അത്യന്താപേക്ഷിതമായിട്ടുള്ളതും, നമ്മുടെ കർത്താവ് ദാനമായി (അഥവാ കൃപയായി) നമുക്കു തരുന്നതും ദൈവവും മനുഷ്യനുമായ തന്റെ ആത്മശക്തി നിക്ഷിപ്തമായിരിക്കുന്നതുമായ കൂദാശകളുടെ സൂക്ഷ്മമായ പാലനവും ആവശ്യമാകുന്നു.

## 2. സഭയുടെ ഐക്യത്തിനു കാണപ്പെടാവുന്ന ഒരു തലവൻ ആവശ്യമുണ്ടോ?

വിശ്വാസം, പട്ടത്വം, കൂദാശകൾ എന്നിവകളുടെ ഗൃഹവിചാരകന്മാരും, സംരക്ഷകരും, മേല്പട്ടക്കാരുടെ സംഘം (Episcopate) ആകുന്നു. സകല സഭകളിലും വച്ച് റോമൻ കത്തോലിക്കാസഭ മാത്രമാണ് സഭയുടെ ഏകത്വം കാണപ്പെടാവുന്ന ഒരു തലവൻ, അതായത് റോമാപാത്രിയർക്കീസായ പാപ്പാ, മുഖാന്തരമാണ് പാലിക്കപ്പെടുന്നതെന്നു വാദിക്കുന്നത്. പാപ്പാ, സഭയുടെ തലയും, പത്രോസിന്റെ പിൻഗാമിയും, ക്രിസ്തുവിന്റെ വികാരിയുമാണെന്നാണ് അവരുടെ വാദം. എന്നാൽ സഭ ക്രിസ്തുവിന്റെ ശരീരവും, സഭയുടെ തല ക്രിസ്തുവുമാണെന്നത്രെ വേദത്തിൽ കാണുന്നത്. (1 കൊരി. 12:27; എപ്പേ. 4:12-13; കൊലോ. 1:18; എപ്പേ. 4:15) ദൃശ്യമായ സഭയ്ക്കു് ഒരു ദൃശ്യമായ തല ആവശ്യമില്ലേ എന്നുള്ള ചോദ്യം പ്രസക്തിയില്ലാത്ത ഒന്നുമാത്രമാണ്. കാരണം സഭ ഭൗമികമെങ്കിലും ആത്മീയമായ ഒരു സംഘമാണ്. അതിനെ ഒരു ശരീരമായി പരിഗണിക്കുന്നത് ആത്മീയമായിട്ടാകുന്നു. ലോകപ്രകാരമല്ല. ഒരു ഭൗമികശരീരം, ഭൗമികതലയ്ക്കു് കീഴ്പ്പെട്ടിരിക്കുന്നതുപോലെ, പാപ്പാ ഉൾപ്പെടെയുള്ള ആത്മീയ ശരീരമാകുന്ന സഭ ക്രിസ്തുവാകുന്ന ആത്മീയതലയ്ക്കാകുന്നു കീഴ്പ്പെട്ടിരിക്കുന്നത്. ക്രിസ്തുവിനെ കൂടാതെ സഭയ്ക്കൊരു തലയുമില്ല. പാറക്ലീത്തായാകുന്ന ക്രിസ്തുവിന്റെ വികാരിക്കുപരിയായി ലോകത്തിൽ ഒരു വ്യക്തിയെ തന്റെ വികാരിയായി ക്രിസ്തു നിയമിച്ചിട്ടുമില്ല. 'ഞാൻ പിതാവിനോട് ചോദിക്കും. അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ (വികാരിയെ) എന്നേക്കും നിങ്ങളുടെ കൂടെ ഇരിക്കേണ്ടതിനു് നിങ്ങൾക്ക് തരും' (യോഹ. 14:16)

'പിതാവ് എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ (വികാരി) നിങ്ങൾക്ക് സകലവും ഉപദേശിച്ചു തരികയും, ഞാൻ നിങ്ങളോട് പറഞ്ഞതൊക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും' (യോഹ. 14:26)

''ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ (വികാരി) നിങ്ങളുടെ അടുക്കൽ വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയയ്ക്കും. അവൻ വന്നു പാപത്തെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിനു് ബോധം വരുത്തും'' (യോഹ. 16: 7-8)

''സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ, അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും; അവൻ സ്വയമായി സംസാരിക്കാതെ, കേൾക്കുന്നതു് സംസാരിക്കുകയും, വരുവാനുള്ളത് നിങ്ങൾക്ക് അറിയിച്ചു തരികയും ചെയ്യും. അവൻ എനിക്കു് ഉള്ളതിൽനിന്നു് എടുത്ത് നിങ്ങൾക്കു അറിയിച്ചു തരുന്നതുകൊണ്ടു് എന്നെ മഹത്വപ്പെടുത്തും'' (യോഹ. 16: 13-14)

ഈ ഭാഗങ്ങളിലെല്ലാം കർത്താവിനുവേണ്ടി പ്രവർത്തിക്കുന്ന ഒരു വികാരിയുടെ ജോലിയാണ് പരിശുദ്ധാത്മാവിനു പ്രവർത്തിക്കേണ്ടതായി കാണുന്നത്. മേല്പട്ടക്കാർ അപ്പോസ്തോലന്മാരുടെ പിൻഗാമികളാകുന്നു. പത്രോസ് അവരിൽ ഒരുവൻ മാത്രമായിരുന്നു. എന്തെങ്കിലും പ്രത്യേകസ്ഥാനം പത്രോസിനു കൊടുക്കാമെങ്കിൽ അതു് അപ്പോസ്തോലന്മാരിൽ മുമ്പൻ (പ്രധാനി) എന്നുള്ള സ്ഥാനം മാത്രമാണ്. (First or chief of Primate) ആ നിലയിൽ പത്രോസിനെ അപ്പോസ്തോലന്മാരുടെ തലവൻ (റീശോദശ്ലീഹേ) എന്നു വിളിക്കുകയും, ശ്ലീഹന്മാരുടെ സംഘത്തെ അദ്ദേഹത്തിന്റെ നാമത്തിൽ നിർവ്വചിക്കുകയും ചെയ്യാറുണ്ട്. മേല്പട്ടക്കാർ പ്രധാനമായി ഏതെങ്കിലും അപ്പോസ്തോലന്റെ അല്ല, പ്രത്യുത അപ്പോസ്തോലസംഘത്തിന്റെ പിൻഗാമികളാകയാൽ ആ അർത്ഥത്തിൽ മേല്പട്ടക്കാരിൽ ഓരോരുത്തനെയും പററി അപ്പോസ്തോലസംഘത്തിന്റെ പ്രതിനിധി എന്ന നിലയിൽ പത്രോസ്സിന്റെ പിൻഗാമി എന്നു പറയാവുന്നതാകുന്നു. മററു് അപ്പോസ്തോലന്മാർ അവരിൽ പ്രധാനിയായ പത്രോസ്സിനോടുകൂടെ അപ്പോസ്തോലസംഘമായിരുന്നതു പോലെ, മേല്പട്ടക്കാരും അവരിൽ തലവന്മാരായ പാത്രിയാർക്കീസ്സ് പാപ്പാ, കാതോലിക്കാ മുതലായ മേൽസ്ഥാനികളോടുകൂടെ അപ്പോസ്തോലസംഘത്തിന്റെ പിൻഗാമികളാകുന്നു. അപ്പോസ്തോലസംഘം സഭയെ പ്രതിനിധീകരിച്ചിരുന്ന പ്രകാരം മേല്പട്ടസംഘവും സഭയെ പ്രതിനിധീകരിക്കുന്നു. വിശ്വാസം, പട്ടത്വം, കൂദാശകൾ എന്നിവയെ അഭേദ്യമാംവണ്ണം പാലിക്കുന്നതിനുള്ള ചുമതല അപ്പോസ്തോലന്മാരിൽ നിക്ഷിപ്തമായിരുന്നതിനാൽ, അവരുടെ പിൻഗാമികളാകുന്ന മേല്പട്ടക്കാർ അവയെ പാലിച്ച് സഭയുടെ ഐക്യത്തെ സംരക്ഷിക്കുന്നതിനു് ചുമതലപ്പെട്ടവരാണ്.

## ധ്യാനപീഠം 2–ാം പേജിൽനിന്നും തുടർച്ച

ധ്യാനപീഠം 2–ാം പേജിൽനിന്നും തുടർച്ച

കൈക്കൂലി പ്രിയന്മാർ ധർമ്മം, നീതി, സത്യം, മനുഷ്യത്വം ഇവയുടെയെല്ലാം നിത്യശത്രുക്കളാണ്. ''നയമാന്റെ കുഷ്ഠ''ത്തിനു് അവർ ഇരയാകാതിരിക്കാൻ അവർ അനുതാപികളായി ജനദ്രോഹത്തിൽനിന്നു പിൻതിരിയട്ടെ. ഏലീശായുടെ മാതൃക അവരുടെ മുമ്പിൽത്തന്നെയുണ്ടല്ലോ.

**പ്രാർത്ഥന:** ദൈവമേ! അന്യന്റെ മുതൽ എത്ര ആകർഷണീയമായിരുന്നാലും അതു് മോഹിക്കാതിരിക്കത്തക്കവണ്ണം ഞങ്ങളുടെ ലൗകികആസക്തികളെ നിയന്ത്രിക്കേണമേ. ന്യായമല്ലാത്ത പ്രതിഫലം ഇച്ഛിക്കയോ, കൈപ്പററുകയോ ചെയ്യുന്ന തിന്മയിൽ നിന്നും ഞങ്ങളെ വിലക്കണമേ. അന്യായമായി വസൂലാക്കുന്ന സംഗതി ഞങ്ങളെ മോഷ്ടാക്കളാക്കിത്തീർക്കുന്നു എന്ന സത്യം ഞങ്ങളെ പഠിപ്പിക്കേണമേ!

**ചിന്താവിഷയം:** 2 രാജാ 5: 15–16 ആകയാൽ അടിയന്റെ കൈയിൽ നിന്നും ഒരു പ്രതിഗ്രഹം കൈക്കൊള്ളണമേ എന്നു് (നയമാൻ) പറഞ്ഞു. അതിനു് ഏലീശാ ഞാൻ സേവിച്ചു നിൽക്കുന്ന യഹോവയാണു്, ഞാൻ ഒന്നും കൈക്കൊള്ളുകയില്ല എന്നു പറഞ്ഞു.

ഫാ. ജേക്കബ് ചെറിയാൻ

## പരിശീലന ക്യാമ്പ്

ഫിൻലാൻഡ്: യുവാക്കളായ ഓർത്തഡോക്സ് വിശ്വാസികളുടെ അന്തർദേശീയപ്രവർത്തനങ്ങൾക്കു വേണ്ടി ഫിൻലാഡിൽ ഒരു വാരാന്ത്യ പരിശീലനപരിപാടി നടത്തി. മാർച്ച് 10 മുതൽ 12 വരെ നടത്തിയ പരിശീലനപരിപാടി സംഘടിപ്പിച്ചതു് ഫിൻലാൻഡിലെ SYNDESMOS കമ്മററിയാണ്.

പരിശീലനക്യാമ്പിൽ പങ്കെടുത്ത അംഗങ്ങൾ ഓർത്തഡോക്സ് വിശ്വാസവുമായി ബന്ധപ്പെട്ട വിഷയങ്ങളെപ്പററി സംസാരിച്ചു. ക്യാമ്പംഗങ്ങൾ വാരാന്ത്യത്തിലെ വി. കുർബ്ബാനയിൽ സംബന്ധിക്കുകയും, ലോകത്തിന്റെ വിവിധഭാഗങ്ങളിലുള്ള ഓർത്തഡോക്സ് സഭാപ്രവർത്തനങ്ങളെപ്പററി 'സ്ലൈഡ്ഷോ'യിലൂടെ മനസ്സിലാക്കുകയും ചെയ്തു.

**ഓർത്തഡോക്സ് ഹെറാൾഡ്**

ശനിയാഴ്ചതോറും ദേവലോകം അരമനയിൽ നിന്നും പ്രസിദ്ധീകരിക്കുന്നു.

**വരിസംഖ്യ മുൻകൂർ**

ഒരുവർഷം— 60രൂപാ

രണ്ടുവർഷം—100രൂപാ

വിലാസം

ഓർത്തഡോക്സ് ഹെറാൾഡ്

ദേവലോകം അരമന

കോട്ടയം—686 038

Phone 0481-8234

**Advisory Board**

Patron
H. H. Baselius Marthoma Mathews I

President
H. G. Geevarghese Mar Ivanios

Fr. Mathai Vilanilathu,
Fr. P.C. Geevarghese(USA)
Fr. Zachariah Perangattu.
Mr. P. J. Koshy (Bombay)
Mr.M.A.Abraham(Madras)
Mr. M.G.George Muthoot (Delhi)
Mr. T. O. Jacob,
Mr. P. V. Job
Mr. P. P. Mathew
Mr. John Mathews
Mr. K. O. Kurian
Dr. K. P. Johny



## പ്രതികരണം

മലബാർ ഭദ്രാസനം വിഭജിച്ച്, കൊച്ചി ഭദ്രാസനത്തിലെ കറെ പള്ളികൾകൂടി ഉൾപ്പെടുത്തി കുന്നംകുളം, സുൽത്താൻ ബത്തേരി എന്നീ രണ്ടു ഭദ്രാസനങ്ങൾ രൂപീകരിച്ചു. ബത്തേരി ഭദ്രാസനത്തിലെ ചീരാടി സമ്പ്യാടി, മർട്ടളം എന്നീ പള്ളികളിൽനിന്നും 85 കിലോമീററർ ബസ്സിൽ യാത്രചെയ്ത് മംഗലാപുരത്തെത്തി, ട്രെയിനിൽ കോഴിക്കോട്ടെത്തി, വീണ്ടും 108–കിലോമീററർ ബസ്സിൽ മലകയറി ചുരം കടന്നു ഭദ്രാസന കേന്ദ്രമായ സുൽത്താൻ ബത്തേരിയിലെത്തുക വളരെ ദുഷ്ക്കരമാണ്. അതുപോലെ മദ്രാസ് ഭദ്രാസന കേന്ദ്രത്തിലെത്തുവാൻ രണ്ടു ദിവസമെടുക്കും. അതിനാൽ മേലിൽ ഭദ്രാസന വിഭജനം നടത്തുമ്പോൾ ഭൂമിശാസ്ത്ര പരിഗണനകൾക്ക് അർഹമായ പ്രാധാന്യം നൽകണം.

നിരണം ഭദ്രാസനംതന്നെ നോർത്ത്, സൗത്ത്, ഈസ്റ്റ്, വെസ്ററ് എന്നിങ്ങനെ വിപുലമായി സ്ഥിതിചെയ്യുന്നു.

### ഭദ്രാസനവിഭജനം

# ബ്രഹ്മവാറിൽ പുതിയ ഭദ്രാസനം വേണം

ഫാ. ഡോ. ഫിലിപ്പ് പള്ളിച്ചിറ

വർഷത്തിൽ ഒരിക്കലെങ്കിലും ഇടവക സന്ദർശനം നടത്തുവാൻ കഴിയാത്തതു് ആ ഭദ്രാസനത്തിലെ ആത്മീയ വളർച്ചയ്ക്ക് ശോഷണമാകുവാൻ കാരണമാണെന്നു് നിസ്സംശയം പറയാം. ഇതുപോലെ പല ഭദ്രാസനങ്ങളും ഉദാഹരണമായി എടുത്തു കാണിക്കുവാനുണ്ട്. അതിനാൽ ദൂരദൈർഘ്യം ഒഴിവാക്കിയും, പള്ളികളുടെ എണ്ണം ക്ലിപ്തപ്പെടുത്തിയും, വ്യവസ്ഥാപിതമായ ഒരു വിഭജന മാനദണ്ഡമുണ്ടാകുന്നതാണ് ഏററവും അഭിലഷണീയം.

ഗോവയിലും ബ്രഹ്മവാറിലും നമുക്ക് മൂന്നു പള്ളികൾ വീതമുണ്ട്. കാലംചെയ്ത അഭിവന്ദ്യ 'അൽവാരീസ് മാർ യൂലിയോസ്' മെത്രാപ്പോലീത്തായുടെ ആസ്ഥാനം ബ്രഹ്മവാറിൽ ആയിരുന്നു. പുനരുദ്ധാരണം എന്ന നിലയിൽ ബ്രഹ്മവാറിൽ ഒരു ഭദ്രാസനം പുതുതായി നിലവിൽ വന്നാൽ ഹോക്കോവാർ, കാർവാർ എന്നിവിടെ പള്ളികൾ ഉണ്ടാകുവാൻ സാദ്ധ്യതയുണ്ട്. മാത്രമല്ല ദക്ഷിണകർണ്ണാടകത്തിലെ സൗത്ത് കാനറ നമ്മുടെ ഒരു ശക്തികേന്ദ്രവുമാണ്. നാഷണൽ ഹൈവേയ്ക്കു സമീപമുള്ള മംഗലാപുരമോ, കട്ടർപ്പാടിയോ, കടബായിയോ പ്രസ്തുത ഭദ്രാസനത്തിന്റെ ആസ്ഥാനമായി

## പ്രതികരണം.....

സ്വീകരിക്കാം.

1948 മുതൽ ലേഖകന് പ്രസ്തുത സ്ഥലങ്ങളുമായി നേരിട്ടു പരിചയമുള്ളതിനാൽ ബന്ധപ്പെട്ട ആളുകൾ ഈ വിഷയം കാര്യമായി പരിഗണിക്കുമെന്നു കരുതുന്നു.




Abraham Philip
U. S. A.

## ലോകസഭാ കൗൺസിൽ....


(1-ാം പേജിൽനിന്നും തുടർച്ച)

ആരാധനയോടെയാണ്. കൂടാതെ പങ്കെടുക്കുന്നവർക്ക് പലതരത്തിലുള്ള ആരാധനാക്രമങ്ങളിൽ സംബന്ധിക്കുവാൻ സാധിക്കുന്നതുമാണ്. സന്ദർശകർക്ക് ഒരു പ്രത്യേകപരിപാടി ഈ യോഗത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്, അതായതു് എക്യുമെനിക്കൽ പ്രസ്ഥാനത്തെപ്പററിയും ഡബ്ല്യു. സി. സി യെയുംകുറിച്ച് വിവരങ്ങൾ കേൾക്കുവാനും കൂടുതൽ പഠിക്കുവാനും അവസരം സൃഷ്ടിക്കുന്നു.

## വൈദികപട്ടം നൽകി



കൈപ്പട്ടൂർ: സെൻറ് ഇഗ്നേഷ്യസ് പള്ളി ഇടവകാംഗമായ ഡീ: സി. ജി. മാത്യുവിന് മെയ് 20–ന് ഡൽഹി ഭദ്രാസനത്തിന്റെ ഡോ: പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത വൈദികപട്ടം നൽകി. കൈപ്പട്ടൂർ ചൂരപ്പാമ്മൂട്ടിൽ സി. ജി. ഗീവറുഗീസിന്റെ പുത്രനായ അദ്ദേഹം ഡൽഹി ഭദ്രാസനത്തിൽ സേവനമനുഷ്ഠിക്കുന്നതിനായി അവിടേയ്ക്കു് തിരിച്ചു.


22ct സ്വർണ്ണാഭരണങ്ങൾക്കു

കല്ലുകളം ജുവലേഴ്സ്

A/C

പത്തനംതിട്ട

Phone 2069





Edited & Published by Shebaly, Printed by Rev. C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam-2 Manager Fr. Raju Varghese, Asst. Manager A. J. George, Circulation Asst. K. P. Jacob, (Hon) Chief Editor Dr. Samuel Chandanappally, Associate Editor Fr. C. A. Issac, Office Address: Malankara Orthodox Herald Devalokam, Kottayam-686 038